ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, തൃശ്ശൂർ ജില്ലയിൽ പട്ടയം കൊടുക്കുന്ന കാര്യത്തിൽ ഒരു സമയബന്ധിതപരിപാടി ആരംഭിക്കുവാൻ കഴിയുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഇപ്പോഴും കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങളെല്ലാം സമർപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. ആ അനുവാദം കിട്ടിക്കഴിഞ്ഞാൽ നിശ്ചിതസമയത്തിനുള്ളിൽ എല്ലാവർക്കും പട്ടയം കൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതാണ്.

III. സബ്മിഷൻ

(1) അരീക്കോട്-വാഴക്കാട് റോഡിന്റെ പണി

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, 1962-ൽ നടപടി ആരംഭിക്കുകയും 1967-ൽ ടെൻഡർ ചെയ്യുകയും ചെയ്ത, എന്റെ മണ്ഡലത്തിലൂടെയും കൊണ്ടോട്ടി മണ്ഡലത്തിലൂടെയും കടന്നു പോകുന്ന അതിപ്രധാനമായ അരീക്കോട്-വാഴക്കാട് റോഡിന്റെ പ്രവർത്തനം ഇന്നും തുടങ്ങിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അറിയിക്കുകയാണ്. അതിന്റെ ഒന്നും രണ്ടും റീച്ചിന്റെ പ്രവർത്തനം ഈവർഷത്തിൽത്തന്നെ പൂർത്തീകരിച്ചുകൊണ്ട് വളരെ പ്രാചീനകാലം മുതൽക്കുതന്നെയുള്ള വളരെ പ്രാധാന്യമുള്ള ഈ റോഡിന്റെ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, വർക്ക് തുടങ്ങിയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. തുടങ്ങിയിട്ട് വളരെക്കാലമായി. ആദ്യം ഒരു കരാറുകാരൻ എടുത്തു. മൂന്നുകൊല്ലം മേയിൽശിക്ഷ വിധിച്ചതുകൊണ്ട് അയാൾക്ക് റിസ്ക്ക് ആൻഡ് കോസ്റ്റ് ഇല്ലാതെ അത് ക്യാൻസൽ ചെയ്യേണ്ടിവന്നു. പിന്നെ വേറൊരു കരാറുകാരൻ എടുത്തു. ആ കരാറുകാരനും വർക്ക് ശരിക്ക് നടത്താത്തതുകൊണ്ട് അയാളെയും ഒഴിവാക്കേണ്ടിവന്നു. മൂന്നാമത്തെ കരാറുകാരൻ വർക്ക് ഏറെറടുത്തുനടത്തുകയാണ്. താമസമുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം. അതുപോലെതന്നെ രണ്ടാമത്തെ റീച്ചും ആദ്യം ഒരു കരാറുകാരൻ എടുത്തു. അയാൾ കുറെ ചെയ്തു. പിന്നെ ഇട്ടിട്ടുപോയി. അയാളുടെ റിസ്ക്ക് ആൻഡ് കോസ്റ്റിൽ രണ്ടാമത് ടെൻഡർ വിളിച്ച് വേറൊരാളെ ഏൽപ്പിച്ചിരിക്കുകയാണ്. വർക്ക് നടക്കുന്നുണ്ട്. കാര്യമായി വർക്ക് നടത്താനുള്ള ഏർപ്പാട് ചെയ്യാം.

(2) കൈത്തറി-നെയ്ത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കൈത്തറി നെയ്ത്ത് വ്യവസായം ഒരു പ്രതിസന്ധിയെ നേരിടുന്നുവെന്ന് കഴിഞ്ഞ കുറെക്കാലമായി ഞാൻ ഈ സഭയിൽ പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി കുറെയധികം പദ്ധതികൾ നടപ്പിലാക്കുന്നുവെന്നും കൈത്തറി വ്യവസായത്തെ പൊക്കിക്കൊണ്ടുവരുന്നുവെന്നുമൊക്കെയാണ് അവകാശപ്പെടുന്നത്. 31.3.1986 വരെ 463 ലക്ഷം രൂപ റിബേറ്റ് ഗ്രാന്റിനത്തിൽ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനുണ്ട്. അതുകൊണ്ട് സൊസൈറ്റികൾക്കു കൂടുതൽ ഉൽപ്പാദനം നടത്താനും നൂലും കൂലിയും കൊടുക്കാനും കഴിയുന്നില്ല. ഈ വർഷം 600 ലക്ഷം രൂപ കൈത്തറി നെയ്ത്തു വ്യവസായത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നുവെന്നാണ് ബഡ്ജറ്റിൽ കാണുന്നത്. 463 ലക്ഷം രൂപ കൊടുക്കാനുള്ളത് സമയത്തിന് കൊടുത്താൽ സൊസൈറ്റികളുടെ പ്രവർത്തനം നേരെക്കൊണ്ടുപോകാനും സമയത്തിന് നൂലും കൂലിയും കൊടുക്കാനും കഴിയും. അതുപോലെ തന്നെ പവർ ലൂമിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കൈത്തറി മേഖലയിൽ കടന്നു വരുന്നതുകൊണ്ട് മൽസരം നേരിടേണ്ടിവരുന്നു. അതുകൊണ്ട് വിൽപ്പന നടത്താനുള്ള ബുദ്ധിമുട്ടുവരുന്നു.

അതുപോലെതന്നെ കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന നെയ്ത്തുതൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ കൂലിയാണ് നമ്മുടെ സംസ്ഥാനത്ത് കിട്ടുന്നത്. മറ്റ് സംസ്ഥാനവുമായി താരതമ്യപ്പെടുത്തിയിട്ടല്ല കൊടുക്കുന്നത്. നമ്മുടെ സംസ്ഥാനത്തുള്ള മറ്റ് തൊഴിലുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും കുറഞ്ഞ കൂലികിട്ടുന്ന വ്യവസായമേഖലയാണ് കൈത്തറിനെയ്ത്തുമേഖല. അതുകൊണ്ട് മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനും റിബേറ്റ് ഗ്രാന്റ് 463 ലക്ഷം രൂപയും അടിയന്തിരമായി കൊടുക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്ന് ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 31.3.1986 വരെയുള്ള റിബേറ്റ് കുടിശ്ശിക 463 ലക്ഷം രൂപയാണ്. ഇപ്പോഴത്തെ ബഡ്ജറ്റിൽ 400 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ വോട്ട് ഓൺ അക്കൗണ്ട് പ്രകാരം 130 ലക്ഷം രൂപ റിലീസ് ചെയ്തു. 130 ലക്ഷം രൂപ റിലീസ് ചെയ്തതിനുശേഷം ബാക്കിയുള്ളത് 333 ലക്ഷം രൂപയാണ്. ഈ ജൂലൈയിൽ ബാക്കിയുള്ള 270 ലക്ഷം രൂപ റിലീസ് ചെയ്യും. അത് റിലീസ് ചെയ്തുകഴിഞ്ഞാൽ ആ ഗോത്തു ബാക്കിയുള്ളത് 63 ലക്ഷം രൂപമാത്രമായിരിക്കും. കേരളത്തിൽ ഇത്രയും കുറഞ്ഞ റിബേറ്റ് കുടിശ്ശികയുള്ള ഒരു കാലം ഇതുവരെ ഉണ്ടായിട്ടില്ല. കാരണം, കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത് 400 ലക്ഷം രൂപയായിരുന്നു. അതിനു പുറമേ സപ്ലിമെന്ററി ഗ്രാന്റിൽ 200 ലക്ഷം രൂപകൂടി കൊടുത്തു. 600 ലക്ഷം രൂപയും കൊടുത്തുതീർത്തു. 463 ലക്ഷം രൂപ ബാക്കിയുള്ളതിൽ 400 ലക്ഷം രൂപയും ബഡ്ജറ്റിലുണ്ട്. അതിൽ 130 ലക്ഷം രൂപ കഴിഞ്ഞ പ്രാവശ്യം അനുവദിച്ച് ഉടനെ വിതരണം ചെയ്തു. ബാക്കിയുള്ളത് 330 ലക്ഷം രൂപയാണ്. 270 ലക്ഷം രൂപ ഈ പ്രാവശ്യം റിലീസ് ചെയ്യും. അത് ഉടനെ കൊടുക്കും. ബാക്കിയുള്ളത് 63 ലക്ഷം രൂപയാണ്.

പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ഒരുപക്ഷേ കാരണമുണ്ടായേക്കാമെന്ന സംശയമെനിക്കുണ്ട്. ലാർജ്ബഹദൂർശാസ്ത്രി എഞ്ചിനീയറിംഗ് റിസർച്ച് ആൻറ് കൺസൽട്ടൻസി സെൻറർ സ്റ്റാറ്റിസ്റ്റിക്കൽ കാളിറ്റി കൺട്രോൾ യൂണിറ്റും സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറും കൈത്തറി ഡയറക്റ്ററും കൂടി കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളെ സംബന്ധിച്ച് ഒരു സർവെ നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

ആ സർവെ ഈ 13 ജില്ലകളിലും നടന്നു. നിർഭാഗ്യവശാൽ തിരുവനന്തപുരത്തെ കുറെ സംഘടനകൾ ചേർന്ന് ഒരു അസോസിയേഷനുണ്ടാക്കി തിരുവനന്തപുരത്ത് സർവെ നടത്തുന്നതിനെ കോടതിമുഖേന തടഞ്ഞിരിക്കുകയാണ്. ആ സർവെയിൽക്കൂടി യഥാർത്ഥ തറികളുടെ കണക്ക് മനസ്സിലാക്കാം. തറികൾ വെരിഫൈ ചെയ്യാത്തതുകൊണ്ട് റിബേറ്റ് ഗ്രാൻറ് നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. തിരുവനന്തപുരത്ത് 112.ഓളം സംഘങ്ങളുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. ഹാൻടെക്സ് തന്നെ ഏകദേശം 34 ബോഗസ് സംഘങ്ങളെ ബ്ലാക്ക്ലിസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ പ്രൊക്യൂർമെൻറ് താൽക്കാലികമായി തടഞ്ഞിട്ടുണ്ട്. മിന്നൽ പരിശോധനയിൽ 35 സംഘങ്ങളുടെപേരിൽ നടപടി എടുത്തിട്ടുണ്ട്. ഈ സംഘങ്ങൾക്ക് ഇത് കിട്ടാൻ കുറച്ച് പ്രയാസമുണ്ട് എന്നുള്ളതു ഒരു വസ്തുതയാണ്. ഉടനെതന്നെ സ്റ്റേ വെക്കേറ്റ് ചെയ്ത് അത് കൊടുക്കുന്നതാണ്. ഈ ഗവൺമെൻറ് പലതും ചെയ്തുവെന്ന് ഞാൻ പറഞ്ഞതായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. സത്യമാണ് സർ. കാരണം 1976.77 മുതൽ 1981.82 വരെയുള്ള ആറുവർഷം 354 ദിവസത്തേക്കുള്ള റിബേറ്റ് 596.87 ലക്ഷം രൂപയും 1982.83 മുതൽ 1985.86 വരെയുള്ള നാലുവർഷങ്ങളിൽ 396 ദിവസത്തേക്കുള്ള റിബേറ്റ് പന്ത്രണ്ടുകോടി മുപ്പത്തിയാറു ലക്ഷം രൂപയും കൊടുത്തു. അതുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ.

(3) കുടകിൽ മലയാളികളുടെ നേരെയുള്ള ആക്രമണം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, കുടകിൽ മലയാളികളുടെ നേരെ നിഷ്ഠൂരമായ ആക്രമണം നടന്നുകൊണ്ടിരിക്കുകയാണ്. വളരെ ഗുരുതരമായ ഒരവസ്ഥയാണവിടെയുള്ളത്. മലയാളികളെ കണ്ടാൽ തിരഞ്ഞുപിടിച്ചു കൊല്ലുന്നു. അവരുടെ കടകളും മറ്റും ആക്രമിക്കുകയും അവരുടെ വീടുകൾ തീ വയ്ക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നു. ബസ്സിലും മറ്റും യാത്രചെയ്യുമ്പോൾ മലയാളികളെ തിരഞ്ഞുപിടിച്ച് ബസ്സിൽ നിന്നുപോലും ഇറക്കി കൊല്ലുന്ന സംഭവങ്ങളുണ്ടായിരിക്കുന്നു. ഇതിനെതിരെ നടപടിയെടുക്കേണ്ട പോലീസ് വളരെ പക്ഷപാതപരമായി തദ്ദേശീയരായ പലരുടെയും സ്വാധീനത്തിനു വഴങ്ങിക്കൊണ്ട് ഒരു നടപടിയുമെടുക്കുന്നില്ലെന്നുമാത്രമല്ല മലയാളികളെ ബുദ്ധിമുട്ടിക്കുന്ന വിധത്തിൽ പെരുമാറാൻ ശ്രമിക്കുന്നുവെന്നും പരാതിയുണ്ടായിട്ടുണ്ട്. ഇതുമൂലം അവിടെയുള്ള വളരെയധികം മലയാളികൾക്ക് ധനനഷ്ടമുണ്ടായിട്ടുണ്ട്. വളരെപ്പേർ ഇപ്പോൾ ആശുപത്രിയിലാണ്. ഗുരുതരമായ ഈ സ്ഥിതിയിൽനിന്ന് അവരെ രക്ഷിക്കുന്നതിന് ഗവൺമെൻറ് അടിയന്തിരമായി എന്തെങ്കിലും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ.കെ.കരുണാകരൻ): സർ, മൂലനിവാസികൾ എന്നുപറഞ്ഞ ഒരു സംഘമാണ് ഈ സംഘട്ടനത്തിന് നേതൃത്വം നൽകുന്നത്. പൂർവ്വികമായി അവരാണ് അവിടെ താമസിച്ച് വരുന്നത് അല്ലെങ്കിൽ അവരാണതിന്റെ അവകാശികൾ. മറ്റുള്ളവർക്ക് അവിടെ താമസിക്കാൻ അവകാശമില്ലെന്നുള്ള അർത്ഥത്തിലാണ് അവരുടെ പെരുമാറ്റം. കർണ്ണാടകത്തിലെ മറ്റ് പ്രദേശങ്ങളിലുള്ളവരാണെങ്കിൽ പോലും അവിടെ താമസിക്കാൻ അവർ അനുവദിക്കാത്ത ഒരു സ്ഥിതി വിശേഷമാണ്. അവിടെയുള്ള ആളുകളെ ക്രൂരമായി മർദ്ദിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly